# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3043** **10/05/2017-ൽ മറുപടിക്ക്**

## എച്ച്.വൺ.എൻ.വൺ പനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കഴിഞ്ഞ നാല് മാസത്തിനിടയിൽ സംസ്ഥാനത്ത് എച്ച്.വൺ.എൻ.വൺ പനിബാധിച്ച് എത്രപേർ മരണപ്പെട്ടു; എത്രപേർ വിവിധ ആശുപത്രികളിലായി ചികിത്സയിലുണ്ട്; | എ) | ഈ വർഷം മേയ് 8-ാം തീയതി വരെയുള്ള കണക്കനുസരിച്ച് എച്ച്1എൻ1 രോഗം സ്ഥിരീകരിച്ച് 29 പേർ മരണപ്പെടുകയും 421 പേർക്ക് ഈ രോഗം ബാധിച്ചിട്ടുള്ളതായി സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | രോഗത്തിന്റെ പ്രധാനലക്ഷണങ്ങളും കൈക്കൊള്ളേണ്ട മുൻകരുതലുകളും എന്തൊക്കെ; | ബി) | പനി, ജലദോഷം, തൊണ്ടവേദന, ശ്വാസം കഴിക്കാനുള്ള പ്രയാസം എന്നിവയാണ് എച്ച്1 എൻ1 രോഗത്തിന്റെ പ്രധാനലക്ഷണങ്ങൾ.<br>എ) ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തുവാലകൊണ്ട് മൂടുക<br>ബി) ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈകഴുകുക<br>സി) സാധ്യതയുള്ള വ്യക്തി ഓഫീസ്/ ജോലി/സ്കൂൾ/അംഗൻവാടി/ ഡേകെയർ എന്നിവിടങ്ങളിൽ നാലഞ്ചു ദിവസം പോകാതിരിക്കുക |
| സി) | രോഗം കടന്നുവരാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) | എച്ച്1എൻ1 ഇൻഫ്ളുവൻസ ഇനത്തിൽപ്പെട്ട ഒരു രോഗമാണ് 2009 മുതൽ കഴിഞ്ഞ 8 വർഷ കാലയളവിനുള്ളിൽ ഈ രോഗം ഏഷ്യൻ ഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന ഇൻഡ്യയിലും അതിന്റെ ഭാഗമായി കേരളത്തിലും ENTEMIC അവസ്ഥയിലോട്ട് മാറി കഴിഞ്ഞ രോഗമാണ്. കേരളത്തിൽ നാളിതുവരെ നിലവിലുള്ള ഊർജ്ജിത പര്യവേക്ഷണ സംവിധാനത്തിൽ നിന്നു വരുന്ന ഡേറ്റാ സൂചിപ്പിക്കുന്നത്, ജലദോഷ പനിയുള്ള വ്യക്തികളിൽ 29% ത്തോളം എച്ച്1എൻ1-ന് കാരണമാണെന്നാണ്. ഇപ്പോൾ എച്ച്1 |

➡

| | | | |
|---|---|---|---|
| | | | എൻ1 ചികിത്സയ്ക്കും അതിനോടനുബന്ധിച്ചുള്ള തീരുമാനങ്ങൾക്കും പദ്ധതി ആവിഷ്കരണത്തിനും ആവശ്യമായ വിവരങ്ങൾ കണ്ടെത്തലുകൾ മുതലായവ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ഏകീകൃതമായി കേരളമടക്കമുള്ള ആരോഗ്യമന്ത്രാലയമാണ് യഥാസമയം കൈമാറുന്നത്. |
| **ഡി)** | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ എച്ച്.വൺ.എൻ.വൺ പനിബാധിതർ കണ്ടുവരുന്നത്; വ്യക്തമാക്കുമോ? | **ഡി)** | സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും എച്ച്1 എൻ1 ബാധിതർ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**